(iii) നിർവചനങ്ങൾ

പ്രപഞ്ചം, ജീവിതം, മനുഷ്യൻ എന്നിവയുടെ ഇസ്‌ലാമിക സങ്കല്പ പ്രകാരമുള്ള മനോഹരവും ഹൃദയാവർജകവുമായ ചിത്രീകരണം എന്നാണ് പ്രൊഫ. മുഹമ്മദ് ഖുത്ബ് ഇസ്‌ലാമിക സാഹിത്യത്തെ നിർവചിക്കുന്നത്. ഡോ. നജീബ് കീലാനി, ഡോ. അബ്ദുൽ ഖുദ്ദൂസ് തുടങ്ങിയ മറ്റു സൈദ്ധാന്തികന്മാരും ഇതോടു യോജിക്കുന്നു. മൗദൂദി ഇസ്‌ലാമിക വീക്ഷണപ്രകാരം സാഹിത്യത്തെ മൂന്നായി തരം തിരിക്കുന്നുണ്ട്. അനഭികാമ്യം, അഭികാമ്യം, ഇസ്‌ലാമികം എന്നിങ്ങനെ. നിരീശ്വരത്വം, നിർമതത്വം, അധാർമികത തുടങ്ങിയ ഇസ്‌ലാംവിരുദ്ധ ചിന്താഗതികളിലേക്കും പ്രവണതകളിലേക്കും നയിക്കുന്നവയാണ് അനഭികാമ്യ സാഹിത്യം. മനുഷ്യ മനസ്സിൽ ദുഷിച്ച ചിന്താഗതികളും പിഴച്ച വാസനകളും ജനിപ്പിക്കുന്നവയാണ് അവ. മനുഷ്യന്റെ മൃഗീയ വാസനകളെ ഉണർത്തുകയും ധാർമിക അരാജകത്വത്തെ മഹത്ത്വവൽക്കരിക്കുകയും ചെയ്യുന്ന സാഹിത്യവും അനഭികാമ്യം തന്നെ. അശ്ലീലതയെ മനോഹരമായും ശ്ലീലതയെ ആഭാസകരമായും വർണിക്കുകയും നന്മയുടെയും സൂക്ഷ്മതയുടെയും വക്താക്കളെ പരിഹാസപാത്രമായും അധർമകാരികളെ മാതൃകയും മാനദണ്ഡവുമായും ചിത്രീകരിക്കുകയും ചെയ്യുന്ന സാഹിത്യവും അനഭികാമ്യമാണ്.

മനുഷ്യമനസ്സിൽ വിശുദ്ധമായ വികാരങ്ങളും ഭാവനകളും ഉണർത്തുന്നതും മനുഷ്യനെ തിന്മയിലേക്ക് നയിക്കുകയോ നന്മയെ അവന്റെ ദൃഷ്ടിയിൽനിന്ന് മറയ്ക്കുകയോ ചെയ്യാത്തതുമായ സാഹിത്യമാണ് അഭികാമ്യ സാഹിത്യം. അനഭികാമ്യ സാഹിത്യത്തിന്റെ ദോഷങ്ങളിൽനിന്ന് മുക്തമായ സാഹിത്യവും അഭികാമ്യം തന്നെ. വിനോദത്തിനും ഉല്ലാസത്തിനും വേണ്ടിയായാൽപോലും സാഹിത്യം ശ്ലീലവും മാന്യവുമാകണം.

ഇസ്‌ലാമിക വിശ്വാസത്തിലേക്കും മൂല്യങ്ങളിലേക്കും നയിക്കാൻ ശക്തമായവയാണ് ഇസ്‌ലാമിക സാഹിത്യം. വ്യക്തവും സുനിർണിതവുമായ ലക്ഷ്യമുണ്ടെന്നതാണ് അഭികാമ്യ സാഹിത്യത്തിൽനിന്ന് ഇസ്‌ലാമിക സാഹിത്യത്തെ വ്യതിരിക്തമാക്കുന്നത്. അനിസ്‌ലാമികതയിൽനിന്ന് ലോകത്തെ മുക്തമാക്കുകയും ഇസ്‌ലാമിനോട് ആഭിമുഖ്യം വളർത്തുകയുമാണ് ഇസ്‌ലാമിക സാഹിത്യത്തിന്റെ ലക്ഷ്യം. ഇസ്‌ലാമിക സാഹിത്യം ഇസ്‌ലാം സത്യമാണെന്ന ആത്മവിശ്വാസം പ്രദാനം ചെയ്യുകയും ഇസ്‌ലാമിനെ പുല്കാനും ഇസ്‌ലാമിക ജീവിതവ്യവസ്ഥ ലോകത്ത് നടപ്പാക്കാനുമുള്ള വികാരം മനുഷ്യ മനസ്സിൽ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിക സാഹിത്യവും അഭികാമ്യ സാഹിത്യവും തമ്മിലുള്ള വ്യത്യാസം ലക്ഷ്യങ്ങളിലാണ്.

ഇസ്‌ലാമിക സാഹിത്യത്തെ പ്രബോധനപരം, പ്രചോദനപരം എന്നിങ്ങനെ വീണ്ടും മൗദൂദി രണ്ടായി തിരിക്കുന്നു. ഇസ്‌ലാമിക തത്ത്വങ്ങളും അധ്യാപനങ്ങളും പ്രമാണങ്ങളുടെ വെളിച്ചത്തിൽ സമർഥിക്കുകയാണ് പ്രബോധന സാഹിത്യങ്ങളുടെ ലക്ഷ്യം. പ്രചോദന സാഹിത്യം ബുദ്ധിയോടെന്നതിനെക്കാൾ മനസ്സിനോടും വികാരങ്ങളോടുമായിരിക്കും സംവദിക്കുക. അവ ഇസ്‌ലാമിന്റെ മാർഗത്തിൽ മുന്നോട്ടു നീങ്ങുവാനുള്ള ആവേശം അനുവാചകരിൽ സൃഷ്ടിക്കുന്നു. കവിത, കഥ, നോവൽ, നാടകം തുടങ്ങിയ സർഗസാഹിത്യങ്ങളെ പ്രചോദന സാഹിത്യങ്ങളുടെ കൂട്ടത്തിലാണ് മൗദൂദി ഉൾപ്പെടുത്തുന്നത്.

ഇസ്‌ലാമിക സാഹിത്യം ഇസ്‌ലാമിക തത്ത്വങ്ങളുടെ വിവരണമോ ഇസ്‌ലാമിക മൂല്യങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ആചരണത്തിനുള്ള ഉപദേശമോ ആയിരിക്കണമെന്നില്ല എന്ന് മുഹമ്മദ് ഖുത്ബ് സവിശേഷം ഊന്നിപ്പറയുന്നുണ്ട്. ''ഇസ്‌ലാമിക കല ഇസ്‌ലാമിനെക്കുറിച്ച് പറയുന്ന കലയല്ല. അത് ഉപദേശ നിർദേശങ്ങളോ ഉത്കൃഷ്ട കർമാചരണത്തിനായുള്ള പ്രേരണയോ അല്ലതന്നെ. തത്ത്വചിന്താപരമായി അവതരിപ്പിക്കപ്പെടുന്ന കേവലാദർശങ്ങളുമല്ല അവ. പ്രപഞ്ചത്തെയും ജീവിതത്തെയും മനുഷ്യനെയും ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ കലാപരമായി ആവിഷ്കരിക്കുകയാണ് ഇസ്‌ലാമിക കലയുടെ ധർമം. സൗന്ദര്യത്തിന്റെയും സത്യത്തിന്റെയും സമ്പൂർണ സംഗമത്തിലേക്ക് നയിക്കുന്ന കലയാണത്'' (*മൻഹജുൽ ഫന്നിൽ ഇസ്‌ലാമി പേ. 6*). ഇക്കാര്യം കുറേക്കൂടി വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ വ്യക്തമാക്കുന്നു:

''ഇസ്‌ലാമിക സാഹിത്യം ഇസ്‌ലാമിനെ-അതിന്റെ ആദർശം, വ്യക്തികൾ, സംഭവങ്ങൾ എന്നിവയെ-ക്കുറിച്ചു പ്രതിപാദിക്കണമെന്ന് നിർബന്ധമില്ല. ഈ വിഷയങ്ങളെല്ലാം സ്വാഭാവികമായി അതിൽ വരാമെന്ന് മാത്രം.... ഇപ്പറഞ്ഞ വിഷയങ്ങളെ ശരിയായ ഇസ്‌ലാമിക സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ അത് ഇസ്‌ലാമിക സാഹിത്യമായിരിക്കും. ഇസ്‌ലാമിക സങ്കല്പത്തിനനുസരിച്ചല്ലെങ്കിൽ പ്രവാചകനെയും അദ്ദേഹം നടത്തിയ യുദ്ധങ്ങളെയും ഇസ്‌ലാമിന്റെ ആദർശ തത്ത്വങ്ങളെയും കുറിച്ചുള്ളതായാൽ പോലും ഇസ്‌ലാമിക സാഹിത്യമാവുകയുമില്ല''(*മൻഹജുൽ ഫന്നിൽ ഇസ്‌ലാമി പേ. 177–78*). ഡോ. നജീബ് കീലാനി ഇസ്‌ലാമിക സാഹിത്യത്തിനുണ്ടായിരിക്കേണ്ട ആറ് ഗുണങ്ങൾ എടുത്തുപറയുന്നുണ്ട്: 1. രസാത്മകവും ഹൃദയാകർഷകവുമായ ആവിഷ്കരണമായിരിക്കൽ. 2. വിശ്വാസം ഉൾക്കൊണ്ട മനസ്സിന്റെ ഉൽപന്നമായിരിക്കൽ. 3. പ്രപഞ്ചം, ജീവിതം, മനുഷ്യൻ എന്നിവയുടെ ചിത്രീകരണം. 4. ഇസ്‌ലാമിന്റെ ആദർശപരമായ അടിത്തറകളോടുള്ള പ്രതിബദ്ധത. 5. ആനന്ദവും പ്രയോജനവും ഏകുന്നതിനുള്ള ശേഷി. 6. ചിന്തക്കും വികാരത്തിനും ഉണർവ് നല്കാനുള്ള കഴിവ്.

ഇസ്‌ലാമിക സാഹിത്യം ശില്പ സൗന്ദര്യത്തിന് പ്രാധാന്യം നല്കുന്നുണ്ടെങ്കിലും അതിന്റെ മുഖ്യമായ ഊന്നൽ പ്രമേയത്തിലും ഭാവത്തിലുമായിരിക്കുമെന്ന് നജീബ് കീലാനി അടിവരയിട്ടു പറയുന്നു. കാരണം, രൂപമല്ല പ്രമേയമാണ് ഇതര സാഹിത്യങ്ങളിൽനിന്നും ഇസ്‌ലാമിക സാഹിത്യത്തെ വേർതിരിക്കുന്നത്. രൂപസൗന്ദര്യമെന്ന് പറയുന്നത് ആരുടെയും കുത്തകയല്ല. എല്ലാവർക്കും പൊതുവായിട്ടുള്ളതാണത്. ഉള്ളടക്കം അങ്ങനെയല്ല. ഓരോ ചിന്താസരണിയുടെയും സവിശേഷ വർണം സാഹിത്യത്തിന് പകർന്നു കൊടുക്കുന്നത് ഉള്ളടക്കമാണ്. ഇസ്‌ലാമിക സങ്കല്പങ്ങളോടും മൂല്യങ്ങളോടുമുള്ള പ്രതിബദ്ധതയാണ് സാഹിത്യത്തെ ഇസ്‌ലാമികമാക്കുന്നത്.